അരൂർ മണ്ഡലത്തിലെ കുത്തിയതോട് പഞ്ചായത്തിൽ ട്രാൻസ്ഫോർമർ

13 (4004) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അരൂർ മണ്ഡലത്തിലെ കുത്തിയതോട് പഞ്ചായത്തിലെ 2-ാം വാർഡിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായതിനെ തുടർന്ന് ഒരു ട്രാൻസ്ഫോർമർ അനുവദിക്കണമെന്ന അപേക്ഷയിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്താണ്; ഈ തടസ്സങ്ങൾ മാറ്റി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പരാതി ലഭിച്ചതനുസരിച്ച് സ്ഥലം പരിശോധിച്ചതിൽ നിന്നും കുത്തിയതോട് പഞ്ചായത്തിലെ 2-ാം വാർഡ് പ്രദേശത്ത് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 റെഗുലേഷൻ, 7 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള വോൾട്ടേജ് ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട ആവശ്യം ഇപ്പോൾ നിലവിലില്ല.

എൽ. എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതി

14 (4005) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly